**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇ.എം.എസ് ഭവന പദ്ധതി - ഭവന നിർമ്മാണ ധനസഹായം ഉപയോഗപ്പെടുത്തി വീട് വച്ചിട്ടുള്ള വസ്തു പണയപ്പെടുത്തി വായ്പയെടുക്കുന്നതിന് ശ്രീമതി. രേഖരാജുവിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2948/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/11/2018

പരാമർശം:- 1 18/10/2018-ലെ ശ്രീമതി. രേഖരാജുവിന്റെ അപേക്ഷ.

**ഉത്തരവ്**

2011 ൽ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ ധനസഹായമായി ലഭിച്ചിട്ടുള്ള ശ്രീമതി. രേഖരാജു, വീട് പണി പൂർത്തീകരി ക്കുന്നതിലേക്ക് ഒരു ലോണിനായി SBI യെ സമീപിച്ചപ്പോൾ ബാധ്യതാ സർട്ടിഫിക്കറ്റ് എടുത്തതിൽ ഈ ഒരു ലക്ഷം രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നതിനാൽ ലോൺ അനുവദിക്കുന്നതിന് സാധിക്കില്ല എന്നറിയിച്ചുവെന്നും, എന്നാൽ ഈ തുക തിരിച്ചടക്കേണ്ട ബാധ്യതയുള്ള തുകയല്ലെന്നും, സ്ഥലം 10 വർഷത്തേയ്ക്ക് അനുമതിയില്ലാതെ വിൽക്കാൻ പാടില്ല എന്നതു മാത്രമാണ് വ്യവസ്ഥ എന്നും മാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ബാങ്ക്, ലോൺ നൽകിയെന്നും ഇപ്പോൾ ലോൺ എടുക്കേണ്ട ആവശ്യം വന്നുവെന്നും SBI ൽ അടയ്ക്കാനുണ്ടായിരുന്ന ബാക്കി തുക അടച്ച് ആധാരം തിരികെയെടുത്തുവെന്നും തുടർന്ന് ടിയാരി കോതനല്ലൂർ സഹകരണ ബാങ്കിനെ ലോണിനായി സമീപിക്കുകയും ഇ.എം.എസ് ഭവന പദ്ധതി പ്രകാരമുള്ള തുകയിന്മേൽ ഗുണഭോക്താവിന് ബാധ്യതയില്ല എന്നറിയിച്ചുകൊണ്ടുള്ള മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്തും ഇക്കാര്യത്തിലേക്കായി സമർപ്പിച്ചുവെന്നും 10 ലക്ഷം രൂപ ലോൺ നൽകാമെന്ന് ബാങ്ക് സമ്മതിച്ചുവെങ്കിലും ബാധ്യത സർട്ടിഫിക്കറ്റിൽ ഇ.എം.എസ് ഭവന പദ്ധതിയുടെ ഒരു ലക്ഷം ബാധ്യത കാണിക്കുന്നതിനാൽ ലോൺ അനുവദിക്കാൻ സാധിക്കുകയില്ല എന്ന് ടി ബാങ്കിന്റെ സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും ടിയാരിയുടെ സ്ഥലത്തിനും വീടിനും ഇപ്പോഴത്തെ കമ്പോള വിലയനുസരിച്ച് 30 ലക്ഷത്തിനുമേൽ

മൂല്യമുണ്ട് എന്നും ആയതിനാൽ ടിയാരിയ്ക്ക് ബാങ്കിൽ നിന്നും ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ലഭിച്ചിട്ടുള്ള ഭവാനാനുകൂല്യം ഉൾപ്പെടെ നിർമ്മിച്ച ഭവനം ഇരിക്കുന്ന വസ്തു പണയപ്പെടുത്തി വായ്പയെടുക്കുന്നതിന് അനുമതി നൽകണമെന്നും ടിയാരി സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലോൺ കൃത്യമായും, സമയബന്ധിതമായും തിരിച്ചടക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ, ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ലഭിച്ച, ഗുണഭോക്താവിന് ബാധ്യത ഇല്ലാത്ത ഭവനാനുകൂല്യമായ ഒരു ലക്ഷം രൂപ കൂടി ഉപയോഗപ്പെടുത്തി വീട് നിർമ്മിച്ചിട്ടുള്ള ശ്രീമതി. രേഖരാജുവിന് ടി വീടും വസ്തുവും പണയപ്പെടുത്തി കോതനല്ലൂർ സഹകരണ ബാങ്കിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**HASEENA BEEGUM A**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, മാഞ്ഞൂർ ഗ്രാമ പഞ്ചായത്ത്, കോട്ടയം ജില്ല.

ശ്രീമതി. രേഖരാജു, തട്ടാൻപറമ്പിൽ വീട്, മാഞ്ഞൂർ പി.ഒ, കോട്ടയം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ ക്ക്.